കവർസ്റ്റോറി ●
മുഹമ്മദ് പാലത്ത്




# ബദൽ തേടുന്ന ആധുനിക സമ്പദ്ക്രമം

**കൂടുതൽ പലിശയിലൂടെ നേട്ടം മാത്രം കൊതിക്കുന്ന ആധുനിക ബാങ്കുകൾ പ്രത്യാഘാതങ്ങൾ വിലയിരുത്തിയതേയില്ല. ഫലത്തിൽ സമ്പദ്വ്യവസ്ഥയിൽ നിലവിലുള്ള പണത്തേക്കാൾ അനവധി മടങ്ങ് വായ്പകൾ സൃഷ്ടിക്കപ്പെട്ടു. ഇത് സമൂഹത്തിന്റെ സാമ്പത്തിക അച്ചടക്കം തകർത്തു. കൂടുതൽ കടങ്ങൾ യാതൊരു ഉൽപാദനത്തിന്റെ പിൻബലവുമില്ലാതെ ജനങ്ങളുടെ ക്രയശേഷി വർധിപ്പിച്ചു. ഇത് പണപ്പെരുപ്പത്തിനും വിലക്കയറ്റത്തിനും ഒടുവിൽ സാമ്പത്തിക തകർച്ചക്കും ഇടയാക്കി.**

**അമേരിക്കയിൽ** തുടങ്ങിയ ബാങ്കിംഗ് തകർച്ചയും തുടർന്നുള്ള സാമ്പത്തിക മാന്ദ്യവും ലോകമെങ്ങും വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. അടുത്ത പ്രഭാതത്തിൽ കേൾക്കാനിരിക്കുന്ന വാർത്തകൾക്ക് ആശങ്കയോടെയാണ് ഫൈനാൻസ് ലോകം കാതോർക്കുന്നത്. സാമ്പത്തിക തകർച്ചയുടെ അടിസ്ഥാന കാരണങ്ങൾ കണ്ടെത്തി ചികിത്സ വിധിക്കേണ്ട വിദഗ്ധരും ഭരണകൂടങ്ങളും ഇരുട്ടിൽ തപ്പുകയാണ്. തൊലിപ്പുറം പ്രയോഗിക്കാനുള്ള ചെപ്പടിവിദ്യകളേ അവരുടെ കൈവശമുള്ളൂ എന്നതാണ് വാസ്തവം. അല്ലെങ്കിലും കഴിഞ്ഞ ഏതാനും ദശകങ്ങളായി മുതലാളിത്ത സാമ്പത്തിക വ്യവസ്ഥകൾ നേരിട്ട പ്രതിസന്ധികൾക്ക് അപ്പോൾതന്നെ കാരണംകണ്ടെത്തി പ്രതിവിധി നടത്തിയിരുന്നെങ്കിൽ ഇപ്പോഴുള്ള വൻ തകർച്ച ഒഴിവായേനെ. 1930കളിലെ സാമ്പത്തിക മാന്ദ്യത്തിനു ശേഷം പല രാജ്യങ്ങളിലായി നിരവധി സാമ്പത്തിക തകർച്ചകൾ ലോകം നേരിടുകയുണ്ടായി. 1990കളിലെ റഷ്യൻ പ്രതിസന്ധി, 1997ലുണ്ടായ കിഴക്കനേഷ്യൻ പ്രതിസന്ധി, 2002ലെ അർജന്റീനൻ സാമ്പത്തിക തകർച്ച, 1987-ലും 2000ത്തിലും ഓഹരി വിപണിയിലുണ്ടായ വൻ തകർച്ചകൾ എന്നിവ ഉദാഹരണം.

വ്യക്തികേന്ദ്രീകൃതമായ സാമ്പത്തിക തീരുമാനങ്ങളും അത് സൃഷ്ടിക്കുന്ന അറ്റമില്ലാത്ത ആർത്തിയും അനിയന്ത്രിതമായ സ്വതന്ത്ര കമ്പോള സംവിധാനവും അതുണ്ടാക്കിയ ഊഹ

**അമിതമായ കടം ഉൽപാദനത്തിന്റെ പിൻബലമില്ലാതെ സമൂഹത്തിൽ പണത്തിന്റെ അളവ് വർധിപ്പിക്കുകയും വിലക്കയറ്റവും പണപ്പെരുപ്പവും സൃഷ്ടിക്കുകയും ചെയ്യുന്നു. ഉയരുന്നവിലയും പണപ്പെരുപ്പവും ദരിദ്ര വിഭാഗങ്ങളെ ദോഷകരമായി ബാധിക്കുന്നു. സമ്പന്നർ നേട്ടം കൊയ്യുകയും ചെയ്യുന്നു.**

മൂലധനപ്രവാഹവും ചേർന്നാണ് ആധുനിക മുതലാളിത്ത സമ്പദ്ക്രമത്തെ നയിച്ചിരുന്നത്. ഓരോരുത്തരും തങ്ങളുടെ നേട്ടം മാത്രം മുന്നിൽകണ്ട് സാമ്പത്തിക പ്രവർത്തനത്തിലേർപ്പെടുമ്പോൾ സമൂഹത്തെ അത് എങ്ങനെ ബാധിക്കുന്നു എന്നത് പ്രശ്നമാവുന്നില്ല. ലാഭേച്ഛക്ക് ഒരുവിധ നിയന്ത്രണവുമില്ലാതെ പ്രോത്സാഹനം ലഭിക്കുമ്പോൾ അത് ആർത്തിയായി രൂപാന്തരപ്പെടുന്നു. ആർത്തിയുടെയും വ്യക്തിതാൽപര്യങ്ങളുടെയും പൂർത്തീകരണത്തിന് ഫൈനാൻസ് രംഗത്തുള്ള തടസ്സങ്ങൾ നീക്കുകയാണ് നവ ലിബറൽ സാമ്പത്തിക നയങ്ങൾ. കൂടുതൽ നേട്ടങ്ങൾ കൊയ്യാൻ കുറുക്കുവഴികൾ തേടിയ മുതലാളിത്ത ലോകം ഫൈനാൻസ് രംഗത്ത് ഊഹാധിഷ്ഠിത ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുകയായിരുന്നു.

അനന്തമായി വായ്പകൾ സൃഷ്ടിക്കാനുള്ള ആധുനിക ബാങ്കുകളുടെ ശേഷിയാണ് സമ്പദ്‌വ്യവസ്ഥയുടെ തകർച്ചയിലേക്ക് നയിച്ച മുഖ്യ കാരണം. വായ്പാ സൃഷ്ടിപ്പിന്റെ ചരിത്രം ആധുനിക ബാങ്കുകളുടെ തുടക്കം മുതലേ ആരംഭിച്ചിരുന്നു. ലണ്ടനിൽ സ്വർണം സ്വീകരിച്ച് പകരം കൈമാറ്റം ചെയ്യാവുന്ന റസീപ്റ്റുകൾ അഥവാ പ്രോമിസറി നോട്ടുകൾ നൽകിയ ഗോൾഡ് സ്മിത്തുകളിൽനിന്നാണ് ബാങ്കിംഗ് സംവിധാനത്തിന്റെ തുടക്കം എന്നാണ് കരുതുന്നത്. മധ്യകാലഘട്ടത്തിന്റെ അവസാന വർഷങ്ങളിൽ വ്യാപാരികളിൽനിന്ന് സ്വർണനാണയം സ്വീകരിച്ച് പ്രോമിസറി നോട്ടുകൾ നൽകുകയായിരുന്നു ഇടനിലക്കാർ എന്ന നിലയിൽ ഇവരുടെ ദൗത്യം. കൈവശം വന്ന സ്വർണത്തിന്റെ അളവ് വർധിച്ചപ്പോൾ എല്ലാ സ്വർണവും ഒരേസമയം പിൻവലിക്കില്ല എന്ന ഉറപ്പിൽ സ്വർണം നിക്ഷേപമായി നൽകാത്തവർക്കും നോട്ടുകൾക്ക് അനുവദിച്ചു തുടങ്ങി. കൂടുതൽ പലിശ ലഭിക്കുമെന്നതായിരുന്നു ഇവരുടെ പ്രചോദനം. കൂടുതലായി അനുവദിച്ച നോട്ടുകൾ ഒന്നിന്റെയും പിൻബലമില്ലാത്തതിനാൽ കടലാസിന്റെ വില മാത്രമായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ ഗോൾഡ് സ്മിത്തുകൾ അനുവദിച്ചതാകയാൽ പണത്തിന്റെ മൂല്യം അവക്ക് നൽകപ്പെട്ടു.

15-ഉം 16-ഉം നൂറ്റാണ്ടുകളിൽ ഇതിനു തുടർച്ചയായി രൂപംകൊണ്ട ആധുനിക ബാങ്കുകളും ഈ രീതി പിൻതുടർന്നു. തുച്ഛമായ തുകക്കുള്ള യഥാർഥ നിക്ഷേപത്തിൽനിന്ന് പത്തിരട്ടി വരെ കടങ്ങൾ സൃഷ്ടിക്കപ്പെട്ടു. ഉദാഹരണമായി ഒരു വ്യക്തി ഒരു ലക്ഷംരൂപ ബാങ്കിൽ നിക്ഷേപിച്ചാൽ നിരവധി പേർക്ക് കടം നൽകാൻ ഈ പണം ഉപയോഗിച്ചു. എല്ലാ ഇടപാടുകാരും ഒരേസമയം പണം പിൻവലിക്കില്ല എന്ന ഉറപ്പിലാണ് ബാങ്കുകൾ ഇങ്ങനെ ചെയ്യുന്നത്. കൂടുതൽ പലിശയിലൂടെ നേട്ടം മാത്രം കൊതിക്കുന്ന ആധുനിക ബാങ്കുകൾ പ്രത്യാഘാതങ്ങൾ വിലയിരുത്തിയതേയില്ല. ഫലത്തിൽ സമ്പദ്‌വ്യവസ്ഥയിൽ നിലവിലുള്ള പണത്തേക്കാൾ അനവധി മടങ്ങ് വായ്പകൾ സൃഷ്ടിക്കപ്പെട്ടു. ഇത് സമൂഹത്തിന്റെ സാമ്പത്തിക അച്ചടക്കം തകർത്തു. കൂടുതൽ കടങ്ങൾ യാതൊരു ഉൽപാദനത്തിന്റെ പിൻബലവുമില്ലാതെ ജനങ്ങളുടെ ക്രയശേഷി വർധിപ്പിച്ചു. ഇത് പണപ്പെരുപ്പത്തിനും വിലക്കയറ്റത്തിനും ഒടുവിൽ സാമ്പത്തിക തകർച്ചക്കും ഇടയാക്കി.

ഇന്ന് ലോകത്ത് നടക്കുന്ന സാമ്പത്തിക ഇടപാടുകളിൽ ഭൂരിഭാഗവും യഥാർഥ സാമ്പത്തിക കൈമാറ്റങ്ങളല്ല എന്നു കാണാം. മൂല്യമില്ലാത്ത കടലാസുകളുടെയും കടങ്ങളുടെയും കരാറുകളുടെയും വിൽക്കൽ വാങ്ങലുകളാണ് നടക്കുന്നത്. പണത്തിനും കടത്തിനും ചരക്കിന്റെ സ്ഥാനം നൽകി കച്ചവടം ചെയ്യുന്നു. 2007-ലെ കണക്കനുസരിച്ച് ബ്രിട്ടനിലെ മൊത്തം വായ്പ 1.4 ട്രില്യൻ പൗണ്ടാണ്. എന്നാൽ നാണയവും കറൻസിയുമടക്കം അവിടത്തെ മൊത്തം പണത്തിന്റെ അളവ് 52 മില്യൻ പൗണ്ടേ വരൂ. എല്ലാ ഇടപാടുകാരും ഒരു ദിവസം കടം അടച്ചുതീർക്കാമെന്നു കരുതിയാൽ അവർക്ക് പണം എവിടെനിന്ന് ലഭിക്കും? അമേരിക്കയിലും സ്ഥിതി വ്യത്യസ്തമല്ല. 11 ട്രില്യൻ ഡോളറാണ് മൊത്തം വായ്പ നൽകിയിരിക്കുന്നത്. എന്നാൽ പണത്തിന്റെ അളവ് 1.3 ട്രില്യൻ ഡോളറേ വരൂ. ഏതാണ്ടെല്ലാ രാജ്യങ്ങളുടെ സ്ഥിതിയും ഇതുതന്നെയാണ്. യഥാർഥ പണത്തേക്കാൾ നിരവധി മടങ്ങ് സാമ്പത്തിക കൈമാറ്റങ്ങളാണ് നടക്കുന്നത്. ഓരോ രാജ്യത്തിന്റെയും ദേശീയ കടം ഇതിനു പുറമെയാണ്. 2007-ലെ കണക്കനുസരിച്ച് അമേരിക്കയുടെ ദേശീയ കടം 12.8 ട്രില്യൻ ഡോളറും യു.കെയുടേത് 11.5 ട്രില്യൻ ഡോളറുമാണ്. എല്ലാ രാജ്യങ്ങളുടെയും കടങ്ങൾ പെരുകിക്കൊണ്ടിരിക്കുന്നു. കടങ്ങളുടെ മേലാണ് ആധുനിക സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുത്തിരിക്കുന്നത്.

അമിതമായ കടം ഉൽപാദനത്തിന്റെ പിൻബലമില്ലാതെ സമൂഹത്തിൽ പണത്തിന്റെ അളവ് വർധിപ്പിക്കുകയും വിലക്കയറ്റവും പണപ്പെരുപ്പവും സൃഷ്ടിക്കുകയും ചെയ്യുന്നു. പലിശനിരക്കിനു സമാനമായ പണപ്പെരുപ്പവും ഏറെക്കാലമായി നിലനിൽക്കുന്നത് അതിനാലാണ്. ഉയരുന്നവിലയും പണപ്പെരുപ്പവും ദരിദ്ര വിഭാഗങ്ങളെ ദോഷകരമായി ബാധിക്കുന്നു. സമ്പന്നർ നേട്ടം കൊയ്യുകയും ചെയ്യുന്നു. ഇക്കഴിഞ്ഞ നൂറ്റാണ്ടുകളിൽ സമ്പത്തിന്റെ വക്രമായ വിതരണം മൂലം സമ്പന്നർ കൂടുതൽ സമ്പന്നരാവുകയും ദരിദ്രർ പരമ ദാരിദ്ര്യത്തിലേക്ക് കൂപ്പുകുത്തുകയും ചെയ്തു. ഏറ്റവും കൂടുതൽ സമ്പന്നരുള്ള അമേരിക്കയിൽ 40 ശതമാനം ദാരിദ്ര്യരേഖക്ക് താഴെയാണ്. ലോകം എത്ര വളർന്നിട്ടും മൂന്ന് ബില്യനിലേറെ ജനങ്ങൾക്ക് ദിവസം രണ്ട് ഡോളർ വരുമാനമില്ല. 1.3 ബില്യന് കുടിവെള്ളം ലഭ്യമല്ല. മൂന്ന് ബില്യന് ശുചീകരണ സംവിധാനങ്ങളില്ല. രണ്ട് ബില്യന് വൈദ്യുതിയില്ല. മുതലാളിത്ത ലോകമാകട്ടെ ഇതൊക്കെ അമിതമായി ഉപഭോഗിച്ച് വിഭവ ദാരിദ്ര്യമുണ്ടാക്കുന്നു. ലോക പെട്രോളിയത്തിന്റെ 50 ശതമാനവും ഉപയോഗിക്കുന്നത് പാശ്ചാത്യരാണ്. അവരുടെ ഉൽപാദനം പത്തു ശതമാനത്തിൽ താഴെ മാത്രവും. മൂന്നാം ലോക രാജ്യങ്ങളിലെ കുഞ്ഞുങ്ങൾ ആവശ്യത്തിന് തൂക്കമില്ലാതെ മരണത്തിലേക്ക് നടന്നടുക്കുമ്പോൾ അമേരിക്കയിലെ മുഖ്യരോഗം തൂക്ക കൂടുതലാണത്രെ. തടി കുറക്കുന്നതിനുള്ള നാലു ലക്ഷം ഓപറേഷനുകളാണ് അമേരിക്കയിൽ ഒരു വർഷം നടക്കുന്നത്. അതിഭീകരമായ വളർച്ചയാണ് മുതലാളിത്ത ലോകം കൈവരിച്ചത്. ഇതെല്ലാം ജനങ്ങളിൽ

താഴെക്കിടയിലുള്ള 80 ശതമാനത്തിന്റെ ചെലവിലായിരുന്നു എന്നു മാത്രം.

മുതലാളിത്ത സൈദ്ധാന്തികർ നമ്മെ പഠിപ്പിച്ചത് സമൂഹത്തിൽ ഒരു വിഭാഗത്തിന്റെ വളർച്ച മറ്റുള്ളവരിലേക്ക് അരിച്ചിറങ്ങുമെന്നും സമൂഹം മൊത്തത്തിൽ വികസിക്കുമെന്നുമായിരുന്നു. എന്നാൽ വികസനവും വളർച്ചയും ഏറെ മുന്നേറിയപ്പോഴും കോരന് കഞ്ഞി കുമ്പിളിൽതന്നെയായിരുന്നു. 2006ലെ കണക്കനുസരിച്ച് ഏറ്റവും സമ്പന്നരായ 13 ശതമാനം മൊത്തം വരുമാനത്തിന്റെ 53 ശതമാനം കീശയിലാക്കുന്നതാണ് അമേരിക്കൻ അനുഭവം. 87 ശതമാനത്തിന്റെ വരുമാനത്തിലുള്ള ഓഹരി 47 ശതമാനം മാത്രം. 37 മില്യൻ ദാരിദ്ര്യരേഖക്കു താഴെ. ബ്രിട്ടനിലെ ഒരു ശതമാനം അതിസമ്പന്നർ സമ്പത്തിന്റെ 25 ശതമാനവും കൈയടക്കി വെച്ചിരിക്കുന്നു. ഏതാണ്ടെല്ലാ പാശ്ചാത്യ രാജ്യങ്ങളുടെയും സ്ഥിതി ഇതുതന്നെ. മുതലാളിത്തം പിന്തുടർന്ന ഫൈനാൻസിംഗ് രീതികളിലൂടെ ധനത്തിന്റെ വക്രമായ വിതരണം നടന്നതാണ് ഇത്രമാത്രം അസന്തുലിതമായ സമൂഹത്തിന്റെ സൃഷ്ടിക്കു കാരണമായത്.

ഊഹമൂലധനമാണ് മുതലാളിത്ത ലോകത്തിന്റെ അനിയന്ത്രിതമായ വളർച്ചക്ക് നിദാനമായ പ്രധാന ഘടകം. മിച്ച വരുമാനം സുരക്ഷിതമായി നിക്ഷേപിക്കാനുള്ള അന്വേഷണം സമ്പന്നരെ കൊണ്ടെത്തിച്ചത് റിയൽ എസ്റ്റേറ്റ് വിപണിയിലാണ്. അമേരിക്കയെ ഏറ്റവും സുരക്ഷിതമായ നിക്ഷേപ സ്ഥലമായും ലോകം പരിഗണിച്ചു. അതേ തുടർന്ന് ലോകമെങ്ങുനിന്നും നിക്ഷേപം ഒഴുകിയപ്പോൾ റിയൽ എസ്റ്റേറ്റ് മേഖലയിൽ വില കുത്തനെ ഉയർന്നു. ഊഹമൂലധനത്തിന്റെ കടന്നുവരവ് കൃത്രിമമായ വില ഉയരാൻ ഇടയാക്കി. ബാങ്കുകളും ഫൈനാൻസ് സ്ഥാപനങ്ങളും അവസരം മുതലെടുക്കാൻ ഇതിൽ പങ്കാളികളായി. എല്ലാം പൊട്ടിത്തകർന്നതോടെ നിക്ഷേപകർ പണത്തിനായി ബാങ്കുകളെ സമീപിച്ചു. ഇടപാടുകാർക്ക് പണം നൽകാൻ ബാങ്കിനു കഴിയാതായതോടെ ലോകമെങ്ങും നിക്ഷേപകർക്ക് ഫൈനാൻസ് സ്ഥാപനങ്ങളിൽ വിശ്വാസം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ബാങ്കിംഗ് തകർച്ചക്ക് ശേഷം ഇത് ഏറ്റവും കൂടുതൽ ബാധിച്ചത് ഓഹരി വിപണികളെയാണ്. കൂട്ടമായ പിൻവാങ്ങലുകളാണ് ഓഹരി വിപണിയെ തകർത്തുകൊണ്ടിരിക്കുന്നത്. മില്യൻ കണക്കിനാളുകൾക്ക് ജോലിയും വരുമാനവും നഷ്ടപ്പെട്ടതോടെ പ്രതിസന്ധി മാന്ദ്യമായി രൂപാന്തരം പ്രാപിച്ചിരിക്കുന്നു. കമ്പനികൾ ഉൽപാദനം വെട്ടിക്കുറക്കുന്നത് നില കൂടുതൽ വഷളാക്കുന്നു.

പെട്രോളിയം ഫ്യൂച്ചേഴ്സുകളിൽ നിന്നുള്ള നിക്ഷേപകരുടെ പിൻമാറ്റമാണ് ലോക പെട്രോളിയം വിലയെ താഴേക്ക് കൊണ്ടുവരുന്നത്. ഊഹക്കച്ചവടക്കാരുടെ പിൻമാറ്റമാണ് ഇതിനു കാരണം. സുരക്ഷിത നിക്ഷേപത്തിന്റെ സ്ഥാനം സ്വർണത്തിനായതോടെ സ്വർണവില മുന്നോട്ടു കുതിക്കുന്നു. ഇന്ത്യയിൽ നിന്നുള്ള വിദേശ നിക്ഷേപത്തിന്റെ അനിയന്ത്രിതമായ പിൻമാറ്റമാണ് രൂപയുടെ മൂല്യത്തിൽ എക്കാലത്തെയും വലിയ കുറവുണ്ടാക്കിയത്. ഫലത്തിൽ ഊഹക്കച്ചവടവും അതുണ്ടാക്കിയ സാമ്പത്തിക ഉപകരണങ്ങളും കൃത്രിമമായി സൃഷ്ടിച്ച കുമിളകളാണ് ഇപ്പോൾ പൊട്ടിത്തകരുന്നത്.

നവ ലിബറൽ സാമ്പത്തിക നയങ്ങളാണ് പ്രതിസന്ധിക്ക് ഏക കാരണം എന്ന് ചൂണ്ടിക്കാട്ടി തടിയൂരുകയാണ് മിക്ക സാമ്പത്തിക വിദഗ്ധരും. ആധുനിക സമ്പദ്വ്യവസ്ഥയുടെ കൂടപ്പിറപ്പുകളായ കടസൃഷ്ടിപ്പ്, റിസ്ക് പങ്കുവെക്കാത്ത സാമ്പത്തിക ഇടപാടുകൾ, ഉയർന്ന പലിശ, ആസ്തി രഹിത സാമ്പത്തിക കൈമാറ്റങ്ങൾ, ഊഹ മൂലധനപ്രവാഹം എന്നിവയെ തുടച്ചുമാറ്റുമ്പോഴേ പ്രതിസന്ധിയുടെ നിഴൽ നീങ്ങുകയുള്ളൂ. ഇവിടെയാണ് മൂല്യങ്ങളെ അടിസ്ഥാനമാക്കിയുള്ള സമ്പദ്ക്രമത്തിന്റെ പ്രസക്തി.

ഇസ്‌ലാമിക സമ്പദ്ക്രമവും ഫൈനാൻസ് രീതികളും ആധുനിക സമ്പദ്ക്രമം നേരിടുന്ന പല പ്രശ്നങ്ങൾക്കും ശാശ്വതമായ പരിഹാരം നിർദേശിക്കുന്നു. അതിനാൽ തന്നെ തകരുന്ന ഫൈനാൻസ് ലോകത്തിന് പ്രതീക്ഷയുടെ തിരിനാളമാണ് ഇസ്‌ലാമിക വ്യവസ്ഥ. ലോകത്തിന് ക്രിയാത്മക ബദലായി നമുക്ക് സമർപ്പിക്കാനുള്ളതും ഇസ്‌ലാമിക സമ്പദ്വ്യവസ്ഥയും ഫൈനാൻസ് രീതികളുമാണ്.

(തുടരും)

mohdpalth@gmail.com

# കുമിളകൾ പൊട്ടിയതെങ്ങനെ?




2001 വരെ യു.എസ് ബോണ്ടുകളെയാണ് സുരക്ഷിതമായ നിക്ഷേപമായി ഫൈനാൻസ് ലോകം കണ്ടിരുന്നത്. എന്നാൽ സെപ്റ്റംബർ പതിനൊന്നിനു ശേഷം പലിശനിരക്കിൽ കുറവു വരുത്തിയതും റിയൽ എസ്റ്റേറ്റ് മേഖലയിൽ വില ഉയരാൻ തുടങ്ങിയതും നിക്ഷേപകരെ അങ്ങോട്ട് ആകർഷിച്ചു. വീടുകളെ സുരക്ഷിതവും ലാഭകരവുമായ നിക്ഷേപമായി കണ്ടതോടെ സമ്പാദ്യം മാത്രമല്ല ബാങ്കുകളിൽനിന്ന് കടമെടുത്തും വീടുകൾ വാങ്ങിക്കൂട്ടുന്നത് വർധിച്ചു. ബാങ്കുകളാവട്ടെ തിരിച്ചടവ് ഉറപ്പാണെന്നതിനാൽ കൂടുതൽ താൽപര്യമെടുത്ത് ലോണുകൾ അനുവദിച്ചു. 20ഉം 30ഉം വർഷം കാലയളവുള്ള ലോണുകൾ പലിശയടക്കം മറ്റു ബാങ്കുകൾക്ക് മറിച്ചു വിൽക്കാനും ബാങ്കുകൾ തയാറായി. പെട്ടെന്ന് പണം ലഭിക്കുമെന്നതും വീണ്ടും വായ്പകൾ നൽകാൻ കഴിയും എന്നതുമായിരുന്നു കാരണം. അങ്ങനെ ബാങ്കുകൾ ഒരേ പണം ഉപയോഗിച്ച് നിരവധി ലോണുകൾസൃഷ്ടിച്ചു. മറ്റു സ്ഥാപനങ്ങൾക്ക് മറിച്ചുവിൽക്കുന്ന ലോണുകൾക്ക് മനോഹരമായ പേരു നൽകി. Collateralised debt obligations അഥവാ CDO. ലോണുകൾ മറിച്ചു വാങ്ങിയ ലേമേൻ ബ്രദേഴ്സ് പോലുള്ള സ്ഥാപനങ്ങൾ മൂല്യത്തിനും പലിശനിരക്കിനുമനുസരിച്ച് ചെറിയ കഷ്ണങ്ങളാക്കി ലോകമെങ്ങുമുള്ള നിക്ഷേപകർക്ക് വിറ്റു. ഈ ചെറുകഷണങ്ങളെ High grade Structured Credit enhanced Leverage Fund എന്നും ഇത് നിക്ഷേപകർക്ക് കൈമാറ്റം ചെയ്യുന്നതിനെ Structured Investment Vehicle എന്നും വിളിച്ചു. കടമെടുത്തവരടക്കുന്ന പലിശ ലോകമെങ്ങുമുള്ള നിക്ഷേപകർക്ക് വിതരണം ചെയ്യപ്പെട്ടു. പലിശ വർധിച്ചാൽ തങ്ങളുടെ വരുമാനം വർധിക്കുമെന്നും അമേരിക്കയിലെ ഏതോ മൂലയിലുള്ള വീടിനു നൽകിയ ലോണിൽ തന്റെ പണമുണ്ടെന്നും നിക്ഷേപകർ ഊഹിച്ചു. ലോണുകളെ അമേരിക്കൻ ഇൻഷുറൻസ് ഗ്രൂപ്പ് പോലുള്ള സ്ഥാപനങ്ങളിൽ ഇൻഷുർ ചെയ്യാനും മറന്നില്ല. വില ഉയരുന്നതും തിരിച്ചടവ് തെറ്റിയാൽ വീണ്ടെടുത്ത് വിൽക്കാമെന്നതും ഇൻഷുറൻസിനെ എളുപ്പമാക്കി. ഇരട്ടിച്ചുകൊണ്ടിരുന്ന വില നിക്ഷേപകരെ കൂടുതൽ ആകർഷിക്കുകയും ചെയ്തു. ക്രമേണ ബാങ്കുകൾ ലോണിന്റെ ഉറപ്പുകൾ ഉദാരമാക്കി. ജോലിയും വരുമാനവുമില്ലാത്തവർക്ക് ഉയർന്ന പലിശനിരക്കിൽ ലോൺ അനുവദിച്ചു. തിരിച്ചടച്ചില്ലെങ്കിലും വീടിന്റെ പണയമുണ്ടല്ലോ എന്നതായിരുന്നു കാരണം. സ്ഥാപനങ്ങൾ അവയുടെ നേട്ടം മാത്രം പരിഗണിച്ചു.

ഒടുക്കം പലിശനിരക്ക് വർധന തിരിച്ചടവ് കുറച്ചു. ലോണിന് ആവശ്യക്കാർ കുറഞ്ഞു. ക്രമേണ വില താഴേക്ക്. നിക്ഷേപകർ കൂട്ടത്തോടെ പിൻവലിക്കാൻ തുടങ്ങി. ലോണുകളുടെ തിരിച്ചടവ് കൂടുതൽ തെറ്റാനും ആരംഭിച്ചു. പിടിച്ചെടുത്ത വീടുകൾ വാങ്ങാനാളില്ലാതെ വില കുത്തനെ താഴേക്ക്. തുടർന്ന് ബാങ്കുകളും ഇൻഷുറൻസ് കമ്പനികളും പാപ്പരായി.